**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1414** **19-06-2024 - ൽ മറുപടിയ്ക്ക്**

**മൂന്നിയൂർ വെളിമുക്ക് ജി.എം.എൽ.പി. സ്കൂളിന് സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന മൂന്നിയൂർ വെളിമുക്ക് ജി.എം.എൽ.പി. സ്കൂളിന്റെ കെട്ടിടവും സ്ഥലവും ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പൂർണ്ണമായും നഷ്ടപ്പെടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വെളിമുക്ക് ജി.എം.എൽ.പി.എസ്-ന്റെ 66 സെന്റ് സ്ഥലം നഷ്ടപ്പെട്ടു. ബാക്കി 6 സെന്റ് സെഥലവും ഒരു കെട്ടിടവും മാത്രമാണ് ബാക്കിയുള്ളത്.. |
| (ബി) | സ്വന്തമായി സ്ഥല പരിമിതിയുള്ള സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുമെന്ന 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലെ പ്രഖ്യാപനമനുസരിച്ച്, മേൽ പരാമർശിച്ച സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിച്ച് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്കൂളിനുണ്ടായിരുന്ന 66 സെന്റ് സ്ഥലത്തിൽ 60 സെന്റ് സ്ഥലം ന്ഷ്ടപ്പെട്ടിട്ടുണ്ട്. നിലവിൽ തൊട്ടടുത്ത മദ്രസ കെട്ടിടത്തില് സ്കൂൾ പ്രവർത്തിച്ച് വരുന്നു. സ്കൂളിന് 600 മീ. ദൂരത്തായി ആറാട്ടുപറമ്പ് തോട്ടപ്പായിമാട് എന്ന സ്ഥലത്ത് PTA യുടെ ശ്രമ ഫലമായി 30 സെന്റ് സ്ഥലം കണ്ടെത്തുകയും ഭൂമിയുടെ ന്യായവില നിശ്ചയിക്കുവാൻ വില്ലേജ് ഓഫീസിൽ രേഖകൾ സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ അധികൃതർ ഭൂമി കണ്ട് ബോധ്യപ്പെടുകയും ആയതിന്റെ തുടർനടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ